ചെലുത്തിവരികയാണ്. ഇതുകൊണ്ടൊന്നും കേന്ദ്രം തീരുമാനം പുനഃപരിശോധിക്കുവാൻ തയ്യാറാകാത്തപക്ഷം, റേഷനിംഗ് സമ്പ്രദായം തകരാതെ നിലനിറുത്തുവാനും കഴിയുന്നത്ര ന്യായമായ വിലയ്ക്ക് സംസ്ഥാനത്തെ സാധാരണ ജനങ്ങൾക്ക് അവശ്യം വേണ്ടുന്ന ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുവാനും ഉള്ള എല്ലാ നടപടികളും കൈക്കൊള്ളുന്നതാണ്.

(സി) ഒന്നാമത്തെ ബജറ്റിൽ 111 കോടി രൂപ നീക്കി വച്ചിരുന്നു. ഇതു കൂടാതെ അടുത്ത സാമ്പത്തിക വർഷത്തേക്ക് 39 കോടി രൂപ കൂടി ആദ്യപടിയായി നീക്കിവയ്ക്കുന്നതായി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

139 (2453) റേഷൻ സബ്സിഡി ഇനത്തിൽ ചെലവായ തുക

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-97, 1997-98, 1998-99 സാമ്പത്തിക വർഷങ്ങളിൽ റേഷൻ സബ്സിഡി ഇനത്തിൽ എത്ര കോടി രൂപ ഓരോ വർഷവും സർക്കാരിന് ചെലവായി എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം റേഷൻ സാധനങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട്;

(സി) ഈ കാലയളവിൽ മൊത്തവില്പന കടക്കാരുടെ കൈവശം ഉണ്ടായിരുന്ന സ്റ്റോക്കിന് പുതിയ നിരക്ക് ഈടാക്കുകയുണ്ടായോ; എങ്കിൽ എന്തു തുക ഈടാക്കുകയുണ്ടായി;

(ഡി) പ്രസ്തുത തുക കേന്ദ്ര സർക്കാരിന് നൽകിയോ;

(ഇ) റേഷൻ കടക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തുകയുണ്ടായോ; ഉണ്ടെങ്കിൽ പ്രസ്തുത നിയമം എന്നാണ് പാസാക്കിയത് എന്നും എന്നു മുതൽ നടപ്പാക്കിയെന്നും വെളിപ്പെടുത്തുമോ;

(എഫ്)ഇതുവരെ എത്രപേർ ക്ഷേമനിധിയിൽ അംഗമായിട്ടുണ്ട്; എന്തെല്ലാം ആനുകൂല്യങ്ങളാണ് ക്ഷേമനിധി വഴി അംഗങ്ങൾക്കു ലഭിക്കുന്നത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) റേഷൻ അരിയുടെ സബ്സിഡി ഇനത്തിൽ ചെലവായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

1996 - 97	-	51,53,31,024.75 രൂപ
1997 - 98	-	52,08,71,408.36 രൂപ
1998 - 99	-	96,62,64,840.91 രൂപ

(ബി) 1-6-1997, 1-12-1997, 29-1-1999 എന്നീ തീയതികളിൽ അരിയുടെയും ഗോതമ്പിന്റെയും വില കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചു. കൂടാതെ 1-4-1999-ൽ ഗോതമ്പിന്റെയും 1-11-1999-ൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് നൽകുന്ന അരിയുടെയും വില കേന്ദ്രം വർദ്ധിപ്പിച്ചു.

(സി) ഇവർ വിവിധ കോടതികളിലായി ഫയൽ ചെയ്ത കേസുകളിന്മേൽ തീർപ്പാകാത്തതുമൂലം തുക പൂർണ്ണമായും ഈടാക്കുവാൻ കഴിഞ്ഞിട്ടില്ല.

(ഡി) നൽകി.

1138/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) റേഷൻ വ്യാപാരി ക്ഷേമനിധി ബില്ലിന് 1998 ആഗസ്റ്റ് 9-ാം തീയതി ഗവർണറുടെ അനുമതി ലഭിച്ചു. 10-ാം തീയതി അസാധാരണ ഗസറ്റായി നിയമം പ്രസിദ്ധീകരിച്ചു. ക്ഷേമനിധി സംബന്ധിച്ച വിശദമായ ഒരു സ്കീം തയ്യാറാക്കിയ ശേഷമേ ഇത് യഥാർത്ഥത്തിൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. അതിനുവേണ്ടി ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയും സ്കീം തയ്യാറാക്കുകയും മാനേജിംഗ് കമ്മിറ്റിക്കും മറ്റും രൂപം നൽകുകയും ചെയ്തിട്ടുണ്ട്. 28-12-1999-ൽ ചേർന്ന മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനപ്രകാരം 2000 ജനുവരി മുതൽ അംഗങ്ങളെ ചേർത്തു തുടങ്ങി.

(എഫ്) 3-3-2000-വരെ 9701 റേഷൻ വ്യാപാരികൾ അംഗങ്ങളായിട്ടുണ്ട്. ക്ഷേമനിധിയിൽ വിഭാവനം ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾ ഇവയാണ്;

(1) 65 വയസ്സും 10 വർഷത്തെ 'സർവീസും' ഉള്ള റേഷൻ വ്യാപാരികൾക്ക് പ്രതിമാസ പെൻഷൻ ഓരോ 5 വർഷ അധിക സർവ്വീസിനും അടിസ്ഥാന പെൻഷന്റെ 5% വർദ്ധനവ്.

(2) അപകടംമൂലം സ്ഥിരമായ അംഗവൈകല്യമോ ഗുരുതരാവസ്ഥയോ സംഭവിച്ചാൽ ധനസഹായം. ക്രിത്രിമ കൈകാൽ വയ്ക്കുന്നതിന് ധനസഹായം.

(3) ഹൃദയം, വൃക്ക എന്നിവയുടെ അനുബന്ധ രോഗങ്ങൾക്കും ക്യാൻസർ തുടങ്ങിയ മാരക രോഗങ്ങൾക്കും ചികിത്സയ്ക്ക് ധനസഹായം.

(4) ഓരോ വർഷവും നടക്കുന്ന എസ്.എസ്.എൽ.സി., പ്രീഡിഗ്രി പരീക്ഷകളിൽ ഏറ്റവും കൂടുതൽ മാർക്ക് നേടിയ 3 പേർക്ക് വീതം വിദ്യാഭ്യാസ സ്കോളർഷിപ്പ്.

(5) വ്യാപാരം നടത്തുന്നതിനായി, നിക്ഷേപത്തുകയിൽ കവിയാത്ത ഒരു തുക വായ്പയായി അനുവദിക്കും. ഇത് 6 തുല്യ ഗഡുക്കളായി തിരിച്ചടച്ചാൽ മതി.

(6) അംഗമായ ശേഷം പൂർത്തിയായ വർഷത്തിന്റെ അടിസ്ഥാനത്തിൽ, അംഗത്തിനോ മരണാനന്തരം നോമിനിക്കോ ഒരു നിശ്ചിത തുക അനുവദിച്ചു നൽകുന്നതാണ്.

(7) കൂടുതൽ ക്ഷേമപദ്ധതികൾ നടപ്പാക്കുവാൻ സർക്കാരിന്റെ അനുമതിക്കു വിധേയമായി ക്ഷേമനിധി കമ്മിറ്റിക്ക് അധികാരമുണ്ട്.

140 (2054) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ തിരുവനന്തപുരത്തെ ചാല സബ്ഡിപ്പോയിൽനിന്നുള്ള ഭക്ഷ്യധാന്യ വിതരണം

<u>ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ തിരുവനന്തപുരത്തെ ചാല സബ് ഡിപ്പോയിൽനിന്നും റേഷൻ വ്യാപാരികൾക്ക് നൽകുന്ന ഭക്ഷ്യധാന്യങ്ങളിൽ വരുത്തുന്ന തൂക്കക്കുറവിനെ സംബന്ധിച്ച ലീഗൽ മെട്രോളജി വകുപ്പ്, 2000 ഫെബ്രുവരി മാസത്തിൽ പ്രസ്തുത ഡിപ്പോയിൽനിന്നും തൂക്കി കൊടുത്ത സാധനങ്ങൾ വീണ്ടും തൂക്കി പരിശോധിച്ചതിൽ കുറവ് കണ്ടുപിടിക്കുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly